(ബി) 30-1-2010 വരെ ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 4,01,711 ചരക്കുവാഹനങ്ങൾ ഉണ്ട്.

(സി&ഡി) വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്തും, വാർഷികമായി വാഹനങ്ങൾക്ക് നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധനാ വേളയിലും ചെക്കിംഗ് നടത്തുമ്പോഴും വാഹനങ്ങളിൽ സ്പീഡ് ഗവർണ്ണറുകൾ ഘടിപ്പിച്ചിട്ടുണ്ടോ എന്നും അവ പ്രവർത്തനക്ഷമമാണോ എന്നും പരിശോധിക്കാറുണ്ട്. ഇതുകൂടാതെ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും ലഭ്യമാക്കിയിട്ടുള്ള ഹാൻഡ് ഹെൽഡ് പ്രോഗ്രാമുകൾ ഉപയോഗിച്ച് പരിശോധന നടത്താറുണ്ട്.

(ഇ) സ്വീകരിച്ചുവരുന്നുണ്ട്.

റോഡ് സുരക്ഷാ ക്ലബ്ബുകൾ

101 (2200) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര റോഡ് സുരക്ഷാ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട് ; ഈ ക്ലബ്ബുകളിൽ എത്ര അംഗങ്ങളുണ്ട് ;

(ബി) പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ഗതാഗത വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ& ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരന്തരം വാഹന പരിശോധന നടത്തുന്നുണ്ട്. ഇതിനായി 17 ആർ.ടി. ഓഫീസുകളിലും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലും മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. രാത്രി കാലങ്ങളിലും വാഹന പരിശോധന സംഘടിപ്പിക്കാറുണ്ട്. ഓഫീസ് തലങ്ങളിൽ നടന്നു വരുന്ന പരിശോധനകൾക്ക് പുറമേ സംസ്ഥാനത്ത് ആകമാനമുള്ള മോട്ടോർ വാഹന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക വിഷയങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന വാഹനങ്ങൾ വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ നാല് മേഖലകളിലായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഇന്റർസെപ്റ്റർ വാഹനം ഉപയോഗിച്ച് 4 മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസുകളിലുള്ള ഫ്ളൈയിംഗ് സ്കാഡ് ചെക്കിംഗും നടത്തിവരുന്നു. കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ രൂപീകരണത്തോടുകൂടി റോഡ് സുരക്ഷ സംബന്ധിച്ച വിവിധ പ്രവർത്തനങ്ങൾ പ്രസ്തുത അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി.യുടെ പക്കലുള്ള സ്ഥലത്തിന് ഉടമസ്ഥാവകാശം നേടുന്നതിന് നടപടികൾ

102 (2201) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കണ്ണൂർ ജില്ലയിലെ പെരുമൺ അപകടത്തിൽ 10 പിഞ്ചുകുട്ടികൾ മരിക്കാനിടയായ സംഭവത്തെ തുടർന്ന് ഗതാഗത വകുപ്പിൽ എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്കൂൾ സമയങ്ങളിൽ വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി ഗതാഗത നിയന്ത്രണം ഉൾപ്പെടെയുള്ള പരിഷ്കരണങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പെരുമൺ അപകടത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ സ്കൂളുകളുടെ സമീപത്ത് പ്രത്യേക ഗതാഗത നിയന്ത്രണ ബോർഡ് സ്ഥാപിക്കുവാനും കഴിയുന്നത്ര സ്ഥാപനങ്ങളിൽ പോലീസ്, ട്രാഫിക് വാർഡൻ എന്നിവരെ വിന്യസിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി കേരള റോഡുസുരക്ഷാ അതോറിറ്റി എടുത്ത പുതിയ പരിഷ്കരണ പരിപാടികളുടെ ഭാഗമായി മുന്നോ അതിൽ കൂടുതലോ വ്യക്തികൾ മരണപ്പെടുന്ന അപകടങ്ങളിൽ അപകടമരണങ്ങൾ വ്യക്തിഗതമായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട മേഖലയിലെ ഡി.വൈ.എസ്.പി. യും മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അടങ്ങുന്ന കമ്മിറ്റിയെയും നിയമിച്ചിട്ടുണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പിൽ ഗതാഗത നിയന്ത്രണത്തിന് പ്രത്യേകിച്ച് വിഭാഗമില്ല. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ തുടങ്ങി പരമാവധി ഒരേ സമയം നാനൂറോളം ഉദ്യോഗസ്ഥരെ മാത്രമാണ് മൊത്തമായി വകുപ്പിൽ ലഭ്യമാകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly